# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1430** **04.12.2014-ൽ മറുപടിക്ക്**

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലൂടെയുള്ള നാഷണൽ ഹൈവേ (കണ്ണൂർ റോഡ്)യുടെ ഓവുചാൽ**

| ചോദ്യം<br>ശ്രീ. എ. പ്രദീപ്കുമാർ | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നാഷണൽ ഹൈവേ (കണ്ണൂർ റോഡ്)യുടെ ഇരുവശങ്ങളിൽ പലസ്ഥലങ്ങളിലും ഓവുചാൽ ഇല്ലാത്തതിനാൽ മഴക്കാലത്ത് വെള്ളം കെട്ടി നിന്ന് കാൽനടയാത്രക്കാർക്ക് അസൗകര്യമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഓവുചാൽ നിർമ്മിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (ബി) എൻ.എച്ച്. 17-ൽ കി.മി. 240/000 മുതൽ 241/200 വരെയുള്ള ഭാഗത്ത് ഉള്ള വെള്ളക്കെട്ടുകൾ ഒഴിവാക്കാൻ വേണ്ടി ഓടയും നടപ്പാതയും നിർമ്മിക്കുവാൻ 53 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ